**ആഫ്രിക്കന് യൂണിയന് കമ്മീഷന് പ്രതിനിധി സംഘം**
**നാളെ മുതല് സെപ്തംബര് ഏഴു വരെ (September 4-7, 2013) ഇന്ത്യ സന്ദര്ശിക്കുന്നു.**

സെപ്തംബര് 03, 2013

1. ആഫ്രിക്കന് യൂണിയന് കമ്മീഷന്റെ ( African Union Commission (AUC) ) നാലംഗ പ്രതിനിധി സംഘം നാളെ മുതല് സെപ്തംബര് ഏഴു വരെ ((September 4-7, 2013) ) ഇന്ത്യ സന്ദര്ശിക്കുന്നു.
ആഫ്രിക്കന് യൂണിയന് കമ്മീഷന് അദ്ധ്യക്ഷയുടെ കാര്യാലയ ഉദ്യോഗസ്ഥാവൃന്ദ മേധാവിയും സ്ഥാനപതിയുമായ ജീന് ബപ്റ്റിസ്റ്റ് നതാമ (Jean-Baptiste Natama, ) ആണ് പ്രതിനിധി സംഘത്തെ നയിക്കുന്നത്. സന്ദര്ശനത്തിന്റെ ഭാഗമായി ന്യൂഡെല്ഹിയില് വച്ച് വെള്ളിയാഴ്ച
(2013 ,സെപ്തംബര് ആറിന് ) രണ്ടാമത് ഇന്ത്യ ആഫ്രിക്ക ഫോറം ഉച്ചകോടിക്കുള്ള (India Africa Forum Summit (IAFS-II) )
സഹകരണത്തിന് വേണ്ടിയുള്ള വിപുലീകരിച്ച ചട്ടക്കൂടിന്റെ സംയുക്ത കര്മ്മ പദ്ധതികള് സ്വീകരിക്കും.
പരിപാടികളുടെ നടത്തിപ്പ് പ്രത്യേകിച്ചും കാര്യക്ഷമതാ നിര്മ്മാണ മേഖലകളെ കുറിച്ചുള്ളവ ഇതിനോടകം ആരംഭിച്ച് കഴിഞ്ഞു.

2. ഇന്ത്യ ആഫ്രിക്ക ഫോറം ഉച്ചകോടിയുടെ (India Africa Forum Summit (IAFS-II) ) നടത്തിപ്പില് പങ്കെടുക്കുന്ന ഇന്ത്യയിലെ സ്ഥാപനങ്ങള് , ഏജന്സികള് എന്നിവരുമായി പ്രതിനിധി സംഘത്തിന് വിശദ ചര്ച്ചകള് നടത്തുവാനുള്ള എല്ലാ സൌകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

3. ആദരണീയയായ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീമതി പ്രണീത് കൌറുമായി പ്രതിനിധിസംഘം കൂടിക്കാഴ്ച നടത്തുന്നുണ്ട്

4. ആഫ്രിക്കന് ദൌത്യങ്ങളുടെ ന്യൂഡല്ഹിയിലുള്ള തലവന്മാരുമായി പ്രതിനിധി സംഘം ചര്ച്ചകള് നടത്തും .

**ന്യൂഡെല്ഹി**
**സെപ്തംബര് 3, 2013**